# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: T 4424

22-07-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നടപ്പിലാക്കാനാവശ്യമായ തുക

**ചോദ്യം**

ശ്രീ. ബി.സത്യൻ :

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ കരാർ വ്യവസ്ഥയനുസരിച്ച് തന്നാണ്ടിൽ പദ്ധതിക്കായി സർക്കാർ കണ്ടെത്തുന്ന മൊത്തം തുക എത്ര ; ബഡ്ജറ്റിൽ പദ്ധതിക്കായി വകയിരുത്തപ്പെട്ട തുക ഏതെല്ലാം ഇനത്തിൽ എത്ര വീതം ; വിശദമാക്കാമോ;

(എ) ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വൻകിട ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകൾക്കായി മൊത്തം 2000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ വിഴിഞ്ഞം തുറമുഖത്തിനായി 600 കോടി രൂപ നീക്കിവയ്ക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ തുകയിൽ റെയിൽവേയ്ക്കുള്ള ഭൂമിയും പദ്ധതിയ്ക്കായുള്ള അധിക ഭൂമിയും വാങ്ങുന്നതിനായി 450 കോടി രൂപയും സർക്കാർ ചെലവിൽ നിർമ്മിക്കേണ്ട ബ്രേക്ക് വാട്ടർ നിർമ്മാണത്തിനായി 150 കോടി രൂപയും ചെലവഴിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പദ്ധതി നടപ്പിലാക്കാനാവശ്യമായ തുക ഏതെല്ലാം നിലയിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇതെ നിലയിൽ ഫണ്ട് സ്വരൂപിച്ചുകൊണ്ട് പദ്ധതി പൂർണ്ണമായും സർക്കാർ സ്വന്തമായി വികസിപ്പിച്ചെടുക്കാൻ തയ്യാറാകാതിരുന്നതിന്റെ സാമ്പത്തിക കാരണങ്ങൾ എന്തായിരുന്നു ? വിശദമാക്കാമോ;

(ബി) വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ചെലവഴിക്കേണ്ട തുക ബാങ്കുകളുടെ കൺസോർഷ്യം, ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ എന്നിവയിൽ നിന്നും സ്വരൂപിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. പൂർണ്ണമായും സർക്കാർ ചെലവിലല്ലാതെ പി.പി.പി. ഘടകങ്ങളോടുകൂടിയ ലാന്റ് ലോർഡ് മോഡൽ പ്രകാരം കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടോടുകൂടി പദ്ധതി നടപ്പിലാക്കുവാനാണ്

ഉദ്ദേശിക്കുന്നത്. എറ്റവും പ്രായോഗികമായ മോഡലായി സർക്കാർ ഇത് തീരുമാനിച്ചത് വിവിധ സാമ്പത്തിക മോഡലുകളുടെ വിശദമായ പഠനത്തിനും അവലോകനത്തിനും ശേഷമാണ്.

സെക്ഷൻ ഓഫീസർ